150 YEARS OF CELEBRATING THE MAHATMA

## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - 2019-20 സാമ്പത്തിക വർഷം - "Quality Enhancement and Accreditation -2202-03-103-52" - Innovative Courses including Honours Programmes - സർക്കാർ വനിതാ കോളേജ് തിരുവനന്തപുരം - ഇംഗ്ലീഷ് ഓർണേഴ്സ് ബ്ലോക്ക് നിർമ്മാണം - അലോട്ടെമ്റ്റ് തുകയിലെ ബാക്കി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉത്തരവ് നം. പി1/37322/2019/കോ.വി.വ** **തീയതി: 20.07.2019**

---

പരാമർശം :1) സ ഉ (ആർ ടി )992016 കോ വി വ തിയതി 14.01.2016
2) 20.06.2019 ലെ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ പ്രിൻസിപ്പാൾ അയച്ച ബി7/2812/2015/സ.വ.കോ നമ്പർ കത്ത്

## ഉത്തരവ്

2019-20 സാമ്പത്തിക വർഷം "Quality Enhancement and Accreditation -2202-03-103-52" എന്ന ശീർഷകത്തിൽ 1500 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ടി ശീർഷകത്തിലെ ഒരു Component ആയിയാണ് "Innovative Courses including Honours Programmes and Community Courses" എന്ന പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്.

പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ ഇംഗ്ലീഷ് ഓർണേഴ്സ് ബ്ലോക്ക് നിർമ്മാണത്തിനായി 4.069 കോടി രൂപ ഭരണാനുമതി നൽകിയിരുന്നു.

സൂചന 2 കത്ത് പ്രകാരം തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ പ്രിൻസിപ്പാൾ ഇംഗ്ലീഷ് ഓർണേഴ്സ് ബ്ലോക്ക് സൂചന 2 കത്ത് പ്രകാരം നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് മൊത്തം തുകയായ 2,53,74,159 രൂപ മുൻ വർഷങ്ങളിൽ നല്കിയിട്ടുള്ളതായും , 31.08.2019 ന് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കാം എന്ന് ഹാബിറ്റാറ്റ് പ്രിൻസിപ്പാളിനെ അറിയിച്ചിട്ടുണ്ട് എന്നും ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നാളിതുവരെ അനുവദിച്ച 2,53,74,159 രൂപയിൽ ഭരണാനുമതി ലഭിച്ച ആകെ 4,06,90,000 രൂപയിൽ ബാക്കി നിൽക്കുന്ന 1,53,15,841 രൂപ അനുവദിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പാൾ സമർപ്പിച്ചിട്ടുണ്ട് .

ഈ സാഹചര്യത്തിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ ഇംഗ്ലീഷ് ഓർണേഴ്സ് ബ്ലോക്ക് നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ച ആകെ 4,06,90,000 രൂപയിൽ ബാക്കി നൽകാനുള്ള 1,53,15,841 രൂപ (ഒരു കോടി അൻപത്തിമൂന്ന് ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റി നാൽപത്തിയൊന്ന് രൂപ) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ തുകയുടെ

വിനിയോഗം എല്ലാ സർക്കാർ ഉത്തരവുകൾ അനുസരിച്ചും നിലവിലെ സർക്കാർ നിയമങ്ങൾ അനുസരിച്ചുള്ള നടപടികൾ പാലിച്ചും സ്റ്റോർ പർച്ചേസ് നിയമങ്ങൾ നിരീക്ഷിച്ചും എം ബുക്ക് നിരീക്ഷിച്ചും ആയിരിക്കേണ്ടതാണ്. നിയമാനുസൃതമായ TDS , Income Tax , ക്ഷേമനിധി എന്നിവ ബില്ലിൽ കുറവ് ചെയ്യേണ്ടതും , കംപ്ലീഷൻ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഹാജരാകേണ്ടതാണ്.

മേൽ തുകയുടെ ചെലവ് 2019-20 സാമ്പത്തിക വർഷത്തെ Quality Enhancement and Accreditation -2202-03-103-52" എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്

ഒപ്പ്/-
ഡോ സുമ കെ കെ
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**
**(ഇൻ ചാർജ്)**

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ് ,

1) പ്രിൻസിപ്പാൾ തിരുവനന്തപുരം സർക്കാർ വനിതാ കോളേജ്
2) ബജറ്റ് സെക്ഷൻ
3) നടപ്പ് ഫയൽ/ കരുതൽ ഫയൽ